**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3794** **27-10-2021 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റാർട്ടപ്പ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത എത്ര സ്റ്റാർട്ടപ്പുകളാണ് നിലമ്പൂർ മണ്ഡലത്തിൽ പ്രവർത്തിച്ച് വരുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ യൂണിക് ഐഡിക്കായി സ്റ്റാർട്ടപ്പുകൾ അപേക്ഷിക്കുന്നത് മണ്ഡലം അടിസ്ഥാനമായി അല്ല. എന്നാൽ സ്റ്റാർട്ടപ്പുകൾ നൽകുന്ന വിലാസത്തിന്റെ അടിസ്ഥാനത്തിൽ നിലമ്പൂർ മണ്ഡലത്തിൽ നിന്നും രജിസ്റ്റർ ചെയ്തിരിക്കുന്നത് 6 സ്റ്റാർട്ടപ്പുകൾ ആണ്. |
| (ബി) | അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് മുഖേന കാർഷിക സ്റ്റാർട്ടപ്പുകൾ ആരംഭിക്കുവാൻ രണ്ട് കോടി രൂപ വരെ ബാങ്ക് വായ്പകൾ ഈടില്ലാതെ ലഭിക്കുന്നതിന് സർക്കാർ ഗ്യാരണ്ടിയുണ്ടോ; വ്യക്തമാക്കാമോ; സ്റ്റാർട്ടപ്പുകൾക്ക് ബാങ്ക് വായ്പകൾ ലഭിക്കുന്നതിന് ഏകജാലക സംവിധാനം നിലവിലുണ്ടോ; | (ബി) | ഉണ്ട്. രണ്ടു കോടി രൂപ വരെയുള്ള വായ്പകൾക്ക് സർക്കാരിന്റെ ക്രഡിറ്റ് ഗ്യാരന്റി, രണ്ടു കോടി രൂപ വരെ പരമാവധി 7 വർഷത്തേയ്ക്ക് വായ്പാ പലിശയ്ക്ക് 3% ഇളവ്, വായ്പാ തിരിച്ചടവിന് ആറു മാസം മുതൽ രണ്ടു വർഷം വരെ മൊറട്ടോറിയം, പലിശ നിരക്ക് സർക്കാർ നിശ്ചയിക്കുന്ന പ്രകാരം പദ്ധതി തുകയുടെ 10% മാത്രം ഗുണഭോക്തൃ വിഹിതം എന്നിവയാണ് പ്രധാന ഗുണഫലങ്ങൾ. സ്റ്റാർട്ടപ്പുകൾക്ക് ബാങ്ക് വായ്പകൾ ലഭിക്കുന്നതിന് ഏകജാലക സംവിധാനം നിലവിലില്ല. |
| (സി) | സംസ്ഥാനത്ത് പുതിയ സ്റ്റാർട്ടപ്പുകൾ പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികളും നടപ്പിലാക്കുന്ന പദ്ധതികളും വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് പുതിയ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ യുവ സംരംഭകത്വ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്റ്റാർട്ടപ്പുകൾക്കായി നടത്തുന്ന പരിപാടികളും നല്കുന്ന സഹായങ്ങളും താഴെ പറയുന്നവയാണ് : 1. പ്രചാരണ സഹായം 2. ഇങ്കുബേഷനുള്ള സഹായം 3. വിജ്ഞാന / നൈപുണ്യ വികസനം 4. ആക്സിലറേറ്ററുകൾ 5. ഫണ്ടിംഗ് & എന്റർപ്രൈസ് ഡെവലപ്മെന്റ് 6. പ്രോഡക്റ്റൈസേഷൻ / മാർക്കറ്റിങ് 7. എക്സ്ചേഞ്ചസ് / ഗ്ലോബൽ ഇമേർഷൻ 8. റിസർച്ച് ഇന്നവേഷൻ പ്രോഗ്രാമുകൾ 9. വനിത സംരംഭകത്വ സ്റ്റാർട്ടപ്പ് പരിപാടി |

സെക്ഷൻ ഓഫീസർ